## പതിനാലാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
# (2019-2021)

## നൂറ്റിപതിനാലാമത് റിപ്പോർട്ട്
**(18-1-2021-ന് സഭയിൽ സമർപ്പിച്ചത്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-2021)

## നൂറ്റിപതിനാലാമത് റിപ്പോർട്ട്

കേരള സംസ്ഥാന ബിവറേജസ് (മാനുഫാക്ചറിംഗ് & മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡിനെ സംബന്ധിച്ചത് (കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയുള്ളത്)

266/2021.

# ഉള്ളടക്കം


പേജ്

| | | |
|---|---|---|
| സമിതിയുടെ ഘടന | : | v |
| ആമുഖം | : | vii |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം - 1 | | |
| സമിതിയുടെ നിഗമനങ്ങളും ശിപാർശകളും | : | 5 |
| അനുബന്ധം -2 | | |
| ഓഡിറ്റ് ഖണ്ഡികയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി | : | 7 |

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
# (2019-2021)
## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. സി. ദിവാകരൻ.

അംഗങ്ങൾ :

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. രാജു എബ്രഹാം

ശ്രീ. സണ്ണി ജോസഫ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. എം. ഉമ്മർ

ശ്രീ. പി. ഉണ്ണി.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി

ശ്രീ. എ. ജാഫർ ഖാൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., അണ്ടർ സെക്രട്ടറി.

# ആമുഖം

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-2021)യുടെ അദ്ധ്യക്ഷനായ ഞാൻ, കേരള സ്റ്റേറ്റ് ബിവറേജസ് (എം.എം.) കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ബി.സി.എൽ.)എന്ന പൊതുമേഖലാ സ്ഥാപനത്തെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.11 -ന്മേൽ തയ്യാറാക്കിയ 114-ാമത് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നു.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 28-6-2016-ാം തീയതി സഭയിൽ സമർപ്പിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2016-2019)-ന്റെ 5-9-2018-ൽ കൂടിയ സമിതി യോഗം ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് നികുതി വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി.

സമിതി (2019-2021)യുടെ 23-12-2020-ലെ യോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഓഡിറ്റ് ഖണ്ഡിക പരിഗണനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളയ്ക്കും തെളിവെടുപ്പിന് ഹാജരായി സമിതി ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയ നികുതി വകുപ്പിലെയും കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡിലെയും ഉദ്യോഗസ്ഥർക്ക് സമിതി നന്ദി അറിയിക്കുന്നു.

സി. ദിവാകരൻ,
*ചെയർമാൻ,*
*പൊതുമേഖലാ സ്ഥാപനങ്ങളെ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2020 ഡിസംബർ 23.

## റിപ്പോർട്ട്

## കേരള സംസ്ഥാന ബിവറേജസ് (മാനുഫാക്ചറിംഗ് & മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്-നെ സംബന്ധിച്ചത്

ഓഡിറ്റ് ഖണ്ഡിക 3.11 (2014-15)

കേരള സംസ്ഥാന ബിവറേജസ് (മാനുഫാക്ചറിംഗ് & മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ് (കമ്പനി) കേരളത്തിൽ മദ്യത്തിന്റെ മൊത്തവും ചില്ലറയുമായ വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ്. കേരള സംസ്ഥാന പൊതു വില്പന നികുതി നിയമത്തിന്റെ (1963) വകുപ്പ് 5 പ്രകാരം, കേരള സംസ്ഥാന സർക്കാരിലേക്ക് (സർക്കാർ) മദ്യവില്പനയിന്മേൽ വില്പന നികുതി ഒടുക്കാൻ കമ്പനി ബാധ്യസ്ഥമാണ്. ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള ധനസമാഹരണാർത്ഥം കമ്പനിയുടെ വില്പന നികുതിയിന്മേൽ 2012 ജൂലൈ 28 മുതൽ ഒരു ശതമാനം മെഡിക്കൽ സെസ്സ് [1] ഏർപ്പെടുത്തുവാൻ സർക്കാർ ഉത്തരവിട്ടു (2012 ജൂലൈ 28). തുടർന്നു വരുന്ന മാസങ്ങളിലെ പത്താം ദിവസത്തിനുള്ളിൽ വില്പന നികുതിയോടൊപ്പം മെഡിക്കൽ സെസ്സും ഒടുക്കേണ്ടതായി വരുന്നു.

വിൽപ്പനയ്ക്കുള്ള വിവിധ ബ്രാന്റുകളിലുള്ള മദ്യത്തിന്റെ പരമാവധി ചില്ലറ വില്പനവില (എം.ആർ.പി.) പുതുക്കുന്നതിൽ വന്ന കാലതാമസംമൂലം 2012 ആഗസ്റ്റ് 16 മുതൽ മാത്രമേ കമ്പനിക്ക് മദ്യവില ഉയർത്തി ഉപഭോക്താക്കളിലേക്ക് മെഡിക്കൽ സെസ്സ് ഈടാക്കുന്നതിലെ ഭാരം കൈമാറാൻ കഴിഞ്ഞുള്ളൂ. തന്മൂലം, 2012 ജൂലൈ 28 മുതൽ 2012 ആഗസ്റ്റ് 15 വരെയുള്ള കാലയളവിലെ മെഡിക്കൽ സെസ്സ് ₹ 2.10 കോടി ശേഖരിക്കാനോ, ഒടുക്കുവാനോ കമ്പനിക്ക് സാധിച്ചിട്ടില്ല. മേൽപ്പറഞ്ഞ കാലയളവിലെ മെഡിക്കൽ സെസ്സ് ഒടുക്കാഞ്ഞതിനാൽ, ₹ 2.10 കോടി മെഡിക്കൽ സെസ്സ് ₹ 0.42 കോടി പലിശയോടുകൂടി ഒടുക്കുവാൻ സർക്കാർ വാണിജ്യ നികുതി വകുപ്പ് കമ്പനിക്ക് നിർദ്ദേശം നൽകി (നവംബർ 2014). അതനുസരിച്ച് കമ്പനി അതിന്റെ വരുമാനത്തിൽ നിന്നും ₹ 2.52 കോടി നൽകി (ഡിസംബർ 2014).

മെഡിക്കൽ സെസ്സ് ഈടാക്കാൻ 2012 ജൂൺ 30-ൽ തന്നെ സർക്കാർ ഉത്തരവിട്ടിരുന്നതായി ഓഡിറ്റ് കണ്ടെത്തി. എന്നാൽ, സർക്കാർ ഉത്തരവിൽ എന്നു മുതൽക്കാണ് സെസ്സ് പ്രാബല്യത്തിൽ വരികയെന്നത് വ്യക്തമാക്കിയിരുന്നില്ല. സർക്കാർ ഉത്തരവിൽ മേൽപ്പറഞ്ഞ ഈ അവ്യക്തത ഉണ്ടായിരുന്നിട്ടും, മെഡിക്കൽ സെസ്സ് പ്രാബല്യത്തിൽ വരുന്ന തീയതി അറിയാനും, അതനുസരിച്ച് സർക്കാർ ഉത്തരവ് നടപ്പാക്കാനുള്ള പ്രാരംഭ നടപടികൾ കൈക്കൊള്ളാനുള്ള ഒരു ശ്രമവും കമ്പനി നടത്തിയിട്ടില്ല. എം.ആർ.പി.

1. പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി ജനറിക് മരുന്നു നൽകുന്നതിനുവേണ്ടി സർക്കാർ നികുതിക്കു മേൽ ചുമത്തിയ ഒരു നികുതിയാണ് മെഡിക്കൽ സെസ്സ്

പുതുക്കി മെഡിക്കൽ സെസ്സിന്റെ ഭാരം ഉപഭോക്താക്കളിലേക്ക് കൈമാറുന്നതിനുള്ള ഒരുക്കങ്ങൾ നടത്തുന്നതിന് ഇത് ആവശ്യമായിരുന്നു. തന്മൂലം ആസന്നമായ നികുതി/ ഉത്തരവിനെക്കുറിച്ച് 2012 ജൂൺ 30-ൽ തന്നെ കമ്പനിക്ക് അറിവുണ്ടായിരുന്നിട്ടും 2012 ജൂലൈ 28 മുതൽ മെഡിക്കൽ സെസ്സ് ചുമത്താനുള്ള സർക്കാർ വിജ്ഞാപനം ഇറങ്ങിയപ്പോൾ ഉപഭോക്താക്കളിൽ നിന്ന് മെഡിക്കൽ സെസ്സ് ഈടാക്കുവാൻ കമ്പനി സജ്ജമായിരുന്നില്ല.

അങ്ങനെ, മെഡിക്കൽ സെസ്സിന്റെ ഭാരം യഥാസമയം ഉപഭോക്താക്കൾക്ക കൈമാറുന്നതിൽ കമ്പനി പരാജയപ്പെട്ടതിനാലും, മെഡിക്കൽ സെസ്സ് ഒടുക്കുന്നതിൽ കാലതാമസം വന്നതിനാലും, ₹ 2.10 കോടി മെഡിക്കൽ സെസ്സ് ഇനത്തിലും ₹ 0.42 കോടി പലിശയിനത്തിലും കമ്പനി അതിന്റെ ലാഭവിഹിതത്തിൽ നിന്ന് നൽകേണ്ടിവന്നു.

ഉപഭോക്താക്കളിൽ നിന്ന് മെഡിക്കൽ സെസ്സ് ഈടാക്കുന്നതിന് എല്ലാ ബ്രാന്റുകളിലുമുള്ള മദ്യത്തിന്റെ എം.ആർ.പി. പുതുക്കി നിശ്ചയിക്കുകയും, പുതുക്കിയ എം.ആർ.പി. ബില്ലിംഗ് യന്ത്രങ്ങളിൽ ഉൾക്കൊള്ളിക്കുകയും ചെയ്യണമായിരുന്നുവെന്ന് സർക്കാർ മറുപടി നൽകി (ജനുവരി 2016). അതിനാൽ, 2012 ആഗസ്റ്റ് 16 മുതൽക്ക പുതുക്കിയ എം. ആർ.പി. പ്രാബല്യത്തിൽ വരുത്തുവാൻ കമ്പനിക്ക് സാധിച്ചുള്ളൂ.

ആസന്നമായ മെഡിക്കൽ സെസ്സിനെക്കുറിച്ച് 2012 ജൂൺ 30-ൽ തന്നെ കമ്പനിക്ക് അറിവുണ്ടായിരുന്നതിനാൽ മറുപടി സ്വീകാര്യമല്ല. കമ്പനിയുടെ ഭാഗത്തുള്ള മുന്നൊരുക്കത്തിന്റെ അഭാവമാണ് ഉപഭോക്താക്കളിൽ നിന്ന് മെഡിക്കൽ സെസ്സ് ഈടാക്കാതിരുന്നതിന് കാരണമായത്.

[2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ സി. & എ. ജി.-യുടെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 3.11]

ഓഡിറ്റ് ഖണ്ഡികകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധം-II-ൽ ചേർത്തിരിക്കുന്നു.

<u>ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള ചർച്ചയുടെ വിശദാംശം ചുവടെ ചേർക്കുന്നു:</u>

കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ് സർക്കാരിലേക്ക് ഒടുക്കുന്ന വില്പന നികുതിയിന്മേൽ 2012 ജൂലൈ 28-ലെ സർക്കാർ ഉത്തരവുപ്രകാരം ഏർപ്പെടുത്തിയ 1% മെഡിക്കൽ സെസ്സ് ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത് സർക്കാരിലേക്ക് അടയ്ക്കുന്നതിൽ കമ്പനി കാലതാമസം വരുത്തിയതുമൂലം ₹ 2.10 കോടി മെഡിക്കൽ സെസ്സും ₹ 0.42 കോടി പലിശയും ചേർത്ത് ആകെ ₹ 2.52 കോടി കോർപ്പറേഷന്റെ ലാഭവിഹിതത്തിൽ നിന്നും അടയ്ക്കേണ്ടിവന്നതായി സമിതി നിരീക്ഷിച്ചു.

മെഡിക്കൽ സെസ്സ് പിരിച്ചെടുക്കുന്നതിനായി വിവിധ ബ്രാന്റുകളിലുള്ള മദ്യത്തിന്റെ പരമാവധി ചില്ലറ വില്പന വില (എം.ആർ.പി.) പുതുക്കുന്നതിൽ കമ്പനി കാലതാമസം വരുത്തിയതു സംബന്ധിച്ച വിശദീകരണം സമിതി ആവശ്യപ്പെട്ടതിന് മദ്യത്തിന്റെ വില പുതുക്കുന്നതിനുള്ള നടപടിക്രമത്തിന്റെ ഭാഗമായി വിതരണക്കാർക്ക് നോട്ടീസ് നൽകുന്നതിനും പുതുക്കിയ എം.ആർ.പി. 3.66 കോടിയോളം ബോട്ടിലുകളിൽ രേഖപ്പെടുത്തുന്നതിനും സമയം ആവശ്യമായിരുന്നെന്നും കമ്പനിയിൽ ഇതുവരെ കമ്പ്യൂട്ടറൈസേഷൻ നടപ്പിലായിട്ടില്ലെന്നും കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മറുപടി നല്കി.

മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിച്ച് നികുതി ബാധ്യത കണക്കാക്കി മുൻകൂർ നികുതി അടയ്ക്കാൻ കമ്പനി ശ്രമിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന് ഓരോ മാസവും 1-ാം തീയതിയോ 16-ാം തീയതിയോ ആണ് കമ്പനി എം.ആർ.പി.-യിൽ മാറ്റങ്ങൾ വരുത്താറുള്ളതെന്നും മെഡിക്കൽ സെസ്സ് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചത് 2012 ജൂലൈ 28-ാം തീയതിയായതിനാൽ ആഗസ്റ്റ് 1-ാം തീയതി എം.ആർ.പി.-യിൽ മാറ്റം വരുത്താൻ സമയക്കുറവുമൂലം കമ്പനിക്ക് സാധിക്കാത്തതാണ് കാലതാമസത്തിനിടയാക്കിയതെന്നും ആഗസ്റ്റ് 16-ാം തീയതിയാണ് എം.ആർ.പി.-യിൽ മാറ്റം കൊണ്ടുവന്നതെന്നും എക്സൈസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു

മെഡിക്കൽ സെസ്സ് ഈടാക്കുന്നത് സംബന്ധിച്ച് 2012 ജൂൺ 30-ന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ സെസ്സ് പ്രാബല്യത്തിൽ വരുത്തേണ്ട തീയതിയെ സംബന്ധിച്ച് വ്യക്തത ഇല്ലായിരുന്നെന്ന് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറും സമിതിയെ അറിയിച്ചു.

മെഡിക്കൽ സെസ്സ് സംബന്ധിച്ച സർക്കാർ ഉത്തരവിൽ അവ്യക്തതയുണ്ടെന്ന് കണ്ടതിനെത്തുടർന്നും ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തുന്നതിനോ അതനുസരിച്ച് സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിനോ കമ്പനി ശ്രമിച്ചിട്ടില്ലെന്ന് സമിതി കുറ്റപ്പെടുത്തി. മെഡിക്കൽ സെസ്സുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ബിവറേജസ് കോർപ്പറേഷന് കൈമാറിയിരുന്നതായും ഉത്തരവ് ലഭിച്ചയുടൻ അത് നടപ്പാക്കേണ്ട ഉത്തരവാദിത്വം കമ്പനിക്കുള്ളതായും സമിതി നിരീക്ഷിച്ചു മെഡിക്കൽ സെസ്സ് കൃത്യസമയത്ത് ഉപഭോക്താക്കളിൽനിന്ന് ഈടാക്കാതിരുന്നതിനാലാണ് ₹ 2.10 കോടി മെഡിക്കൽസെസ്സ് ഇനത്തിലും ₹ 0.42 കോടി (₹ 42 ലക്ഷം) പലിശയിനത്തിലും അടയ്ക്കേണ്ടി വന്നത് എന്നും ഇത് കോർപ്പറേഷന്റെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമാണെന്നും സമിതി അഭിപ്രായപ്പെട്ടു. സർക്കാർ ഉത്തരവുകൾ നടപ്പാക്കുന്നതിൽ കാലതാമസം വരുത്തുന്ന പ്രവണത ആവർത്തിക്കാതിരിക്കാൻ ബിവറേജസ് കോർപ്പറേഷൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

1. കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ മദ്യവില്പന നികുതിയിന്മേൽ 2012 ജൂലൈ 28-ലെ സർക്കാർ ഉത്തരവ് പ്രകാരം ഏർപ്പെടുത്തിയ ഒരു ശതമാനം മെഡിക്കൽ സെസ്സ് ഉപഭോക്താക്കളിൽ നിന്ന് ഈടാക്കി സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിനായി മദ്യത്തിന്റെ പരമാവധി ചില്ലറ വില്പനവില (എം.ആർ.പി.) പുതുക്കുന്നതിൽ കമ്പനി കാലതാമസം വരുത്തിയതുമൂലം ₹ 2.10 കോടി മെഡിക്കൽ സെസ്സ്, ₹ 0.42 കോടി പലിശസഹിതം ₹ 2.52 കോടി കമ്പനിക്ക് അതിന്റെ ലാഭവിഹിതത്തിൽ നിന്ന് സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടിവന്നത് കമ്പനിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണെന്ന് സമിതി വിലയിരുത്തുന്നു.

2. 2012 ജൂൺ 30-ലെ സർക്കാർ ഉത്തരവ് മുഖേന മെഡിക്കൽ സെസ്സ് ഈടാക്കാൻ സർക്കാർ തീരുമാനിച്ച വിവരം കമ്പനിക്ക് അറിവുണ്ടായിരുന്നിട്ടും 28-7-2012-ൽ പ്രസിദ്ധപ്പെടുത്തിയ 2012-ലെ കേരള ധനകാര്യ ആക്ടിന്റെ വിജ്ഞാപനത്തിന് ശേഷം മാത്രമാണ് മെഡിക്കൽ സെസ്സ് ഈടാക്കുന്നതിനുള്ള നടപടി കമ്പനി സ്വീകരിച്ചിട്ടുള്ളതെന്നാണ് സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചത്.

3. 2012 ജൂൺ 30-ലെ സർക്കാർ ഉത്തരവിൽ മെഡിക്കൽ സെസ്സ് പ്രാബല്യത്തിൽ വരുത്തേണ്ട തീയതിയെ സംബന്ധിച്ച് വ്യക്തത ഇല്ലായിരുന്നുവെന്ന കമ്പനിയുടെ വാദം അംഗീകരിക്കാൻ കഴിയില്ലെന്ന് അഭിപ്രായപ്പെട്ട സമിതി, സർക്കാർ ഉത്തരവിലെ അവ്യക്തത നീക്കിക്കിട്ടുന്നതിനായി കമ്പനി നടപടി സ്വീകരിച്ചതായി കാണുന്നില്ലെന്നും, സമയബന്ധിതമായും കൃത്യതയോടും നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ ₹ 0.42 കോടിയുടെ അധിക ചെലവ് ഒഴിവാക്കാൻ കഴിയുമായിരുന്നുവെന്നും നിരീക്ഷിച്ചു. സർക്കാർ ഉത്തരവുകൾ നടപ്പിൽ വരുത്തുന്നതിനുള്ള അലംഭാവം ഒട്ടും ആശാസ്യമല്ലെന്ന് ചൂണ്ടിക്കാണിച്ച സമിതി, സർക്കാർ ഉത്തരവുകൾക്ക് അതീവ പ്രാധാന്യം നൽകി സമയബന്ധിതമായി നടപ്പിലാക്കാൻ ശുഷ്കാന്തി കാണിക്കണമെന്നും, ഉത്തരവുകൾ നടപ്പാക്കുന്നതിൽ കാലതാമസം വരുത്തുന്ന പ്രവണത ഭാവിയിൽ ആവർത്തിക്കരുതെന്നും നിർദ്ദേശിക്കുന്നു.

4. സർക്കാരിന്റെ വരുമാനമാർഗ്ഗമായ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾ വ്യക്തവും സംശയലേശമെന്യേയുള്ളതും ആയിരിക്കേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടുന്നതോടൊപ്പം, ഭാവിയിൽ ഇപ്രകാരം ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ ആയതിൽ വ്യക്തതയും കൃത്യതയും ഉണ്ടാകുവാൻ അത്യന്തം ശ്രദ്ധ പുലർത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സി. ദിവാകരൻ,

തിരുവനന്തപുരം,
2020 ഡിസംബർ 23.

*ചെയർമാൻ,*
*പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി.*

<u>അനുബന്ധം-1.</u>

## സമിതിയുടെ നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 1 | നികുതി | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ മദ്യ വില്പന നികുതിയിന്മേൽ 2012 ജൂലൈ 28-ലെ സർക്കാർ ഉത്തരവ് പ്രകാരം ഏർപ്പെടുത്തിയ 1% മെഡിക്കൽ സെസ്സ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിനായി മദ്യത്തിന്റെ പരമാവധി ചില്ലറ വില്പനവില (എം.ആർ.പി) പുതുക്കുന്നതിൽ കമ്പനി കാലതാമസം വരുത്തിയത് മൂലം ₹ 2.10 കോടി മെഡിക്കൽ സെസ്സ്, ₹ 0.42 കോടി പലിശ സഹിതം ₹ 2.52 കോടി കമ്പനിക്ക് അതിന്റെ ലാഭവിഹിതത്തിൽ നിന്ന് സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടിവന്നത് കമ്പനിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യ വിലോപമാണെന്ന് സമിതി വിലയിരുത്തുന്നു. |
| 2. | 2 | നികുതി | 2012 ജൂൺ 30-ലെ സർക്കാർ ഉത്തരവ് മുഖേന മെഡിക്കൽ സെസ്സ് ഈടാക്കാൻ സർക്കാർ തീരുമാനിച്ച വിവരം കമ്പിക്ക് അറിവുണ്ടായിരിന്നിട്ടും 28-7-2012-ൽ പ്രസിദ്ധപ്പെടുത്തിയ 2012-ലെ കേരള ധനകാര്യ ആക്ടിന്റെ വിജ്ഞാപനത്തിന് ശേഷം മാത്രമാണ് മെഡിക്കൽ സെസ്സ് ഈടാക്കുന്നതിനുള്ള നടപടി കമ്പനി സ്വീകരിച്ചിട്ടുള്ളതെന്നാണ് സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചത്. |
| 3 | 3 | നികുതി | 2012 ജൂൺ 30-ലെ സർക്കാർ ഉത്തരവിൽ മെഡിക്കൽ സെസ്സ് പ്രാബല്യത്തിൽ വരുത്തേണ്ട തീയതിയെ സംബന്ധിച്ച് വ്യക്തത ഇല്ലായിരുന്നുവെന്ന കമ്പനിയുടെ വാദം അംഗീകരിക്കാൻ കഴിയില്ലെന്ന് അഭിപ്രായപ്പെട്ട സമിതി, സർക്കാർ ഉത്തരവിലെ അവ്യക്തത നീക്കികിട്ടുന്നതിനായി കമ്പനി നടപടി സ്വീകരിച്ചതായി കാണുന്നില്ലെന്നും, സമയബന്ധിതമായും കൃത്യതയോടും നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ ₹ 0.42 കോടിയുടെ അധിക ചെലവ് ഒഴിവാക്കാൻ കഴിയുമായിരുന്നുവെന്നും നിരീക്ഷിച്ചു. സർക്കാർ ഉത്തരവുകൾ നടപ്പിൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | വരുത്തുന്നതിനുള്ള അലംഭാവം ഒട്ടും ആശാസ്യമല്ലെന്ന് ചൂണ്ടിക്കാണിച്ച സമിതി, സർക്കാർ ഉത്തരവുകൾക്ക് അതീവ പ്രധാന്യം നൽകി സമയബന്ധിതമായി നടപ്പിലാക്കാൻ ശുഷ്കാന്തി കാണിക്കണമെന്നും, ഉത്തരവുകൾ നടപ്പാക്കുന്നതിൽ കാലതാമസം വരുത്തുന്ന പ്രവണത ഭാവിയിൽ ആവർത്തിക്കരുതെന്നും നിർദ്ദേശിക്കുന്നു. |
| 4 | 4 | നികുതി | സർക്കാരിന്റെ വരുമാനമാർഗ്ഗമായ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾ വ്യക്തവും സംശയലേശ മന്യേയുള്ളതും ആയിരിക്കേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടുന്നതോടൊപ്പം, ഭാവിയിൽ ഇപ്രകാരം ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ ആയതിൽ വ്യക്തതയും കൃത്യതയും ഉണ്ടാകുവാൻ അത്യന്തം ശ്രദ്ധ പുലർത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

<u>അനുബന്ധം II</u>

## Action Taken Notes on C&AG's Report

| | | | |
|---|---|---|---|
| | (a) | Department | Kerala State Beverages Corporation |
| | (b) | Subject/Title of the Review Paragraph | Avoidable expenditure |
| | (c) | Paragraph No. | 3.11 |
| | (d) | Report No.and Year | Report of the Comptroller and auditor General of India on Public Sector undertakings for the year ended 31st March 2015. |
| II | (a) | Date of receipt of the Draft Para/Review in the Department | |
| | (b) | Date of Department's Reply | |
| III | | Gist of Paragraph/Review | Failure in timely passing on the incidence of tax of Rs 2.10 crore, Besides, delay in payment of medical cess resulted in avoidable payment of interest of Rs. 0.42 crore. |
| IV | (a) | Does the Department agree with the facts and figures included in the paragraph? | |
| | (b) | If not, Please indicate areas of disagreement and also attach copies of relevant documents in support | |
| V | (a) | Does the Department agree with the Audit conclusions? | |
| | (b) | If not, Please indicate specific areas of disagreement with reasons for disagreement and also attach copies of relevant documents where necessary | |

## VI-Remedial Action Taken

| | | | |
|---|---|---|---|
| | (a) | Improvement in system and procedures, including internal controls. | Para 3.11 concerns the Corporation not collecting 1% Medical Cess which was newly introduced as per Finance Act 2012 published on 28/07/2012, the date of the Notification, but collecting the same from customers only from 16/08/2012 onwards. Any variance in Tax rates or introduction of a new tax, requires the Corporation to rework the MRP for all liquor brands, further it necessitates stock taking of liquor at all the KSBC Warehouses and Retail Shops and also feeding in the revised MRP into the billing machines at all Retail shops, therefore normally for any revision in MRP, the Corporation requires time. However considering the observation of the Comptroller and Auditor General, the Corporation has taken measures to ensure immediate implementation of the revised MRP consequent to any change in tax rates. |
| | (b) | Recovery of overpayment pointed out by audit | |
| | (c) | Recovery of under assessment , short levy or other dues | |
| | (d) | Modification in the schemes and programmes including financing pattern | |
| | (e) | Review of similar cases/ complete scheme/ project in the light of finding of sample check by Audit findings of sample check by Audit | |